ST THOMAS FORANE PARISH BULLETIN

# സാന്തോം മെസഞ്ചർ
# SANTHOME MESSENGER

Covid - 19 & Christmas Special Parish Bulletin

Volume XII December 2021



MERRY CHRISTMAS

HAPPY NEW YEAR




## 1. സമ്മതപാഠം

പരിശുദ്ധ അമ്മയുടെ മംഗളവാർത്തയിൽ തുടങ്ങി മിശിഹായുടെ ജനന പശ്ചാത്തലങ്ങൾ മുഴുവൻ ഓർമ്മയിൽ സൂക്ഷിക്കാൻ സ്വർഗ്ഗം തരുന്ന അവകാശത്തിന്റെ തിരുനാളാണ് ക്രിസ്തുമസ്.

പരിശുദ്ധ അമ്മയുടെ സമ്മതത്തിന്റെ പാഠം സ്വായത്തമാക്കാൻ ശ്രമിക്കുന്ന നാളുകളാണ് 25 നോമ്പ്. ഓരോ ക്രിസ്ത്യാനിയുടെ ജീവിതവും സമ്മതത്തോടെയുള്ള സമർപ്പണമാണെന്ന് ഈ ക്രിസ്തുമസ് നമ്മെ ഓർമ്മിപ്പിക്കുന്നു. കൂടാതെ യൗസേപ്പിന്റെ കൃപാപൂർണ്ണമായ സമീപനം, ആട്ടിടയന്മാരെപ്പോലെ ചെറിയവന്റെ ജീവിതത്തിലും മടി കൂടാതെ എത്താൻ കഴിയുന്ന മനോഭാവം, ജ്ഞാനികളെപ്പോലെ ഹൃദയം കൊണ്ടും ആത്മജ്ഞാനം കൊണ്ടും ഈശോയെ വായിച്ചെടുക്കാൻ സാധിക്കണം ഈ ക്രിസ്തുമസ് നാളിൽ.

## 2. സഹജീവികളും മുറിവേൽക്കുന്നവരും

മുറിവേൽക്കുന്ന സഹജീവികൾ, ഉത്തരേന്ത്യൻ കർണ്ണാടകയിൽ, പാതയോരങ്ങളിൽ, സ്വന്തം ഭവനങ്ങളിൽ എത്രയെത്ര? ഈ ക്രിസ്തുമസ് നൽകുന്ന സന്തോഷം അനുഭവിക്കാൻ പറ്റാത്തവർ. മുറിവേറ്റു കിടന്നിട്ടും ആടുകളെ തേടിവരാൻ ഇടയന്മാരില്ലാതാവുന്നു.



മുറിവേറ്റവരെ ചേർത്തുപിടിക്കാൻ മറക്കുന്ന സഹയാത്രികർ. സഭയെയും സഭാധികാരികളെയും നൊമ്പരപ്പെടുത്തുന്നവർ. സമർപ്പിതരുടെ ഇടർച്ചകളെ ഉയർത്തികാട്ടി അവരെല്ലാം ചിതലരിച്ചവരാണെന്ന് വരുത്തി തീർക്കുന്നവർ. ഈശോയ്ക്ക് പിറക്കാൻ സ്ഥലമില്ലാത്ത അവസ്ഥയല്ലേ?

Dear brothers and sisters,

The birth of Christ is a sign of the Mercy of God and a promise of joy to all of us. His message shine upon our wounded world to console the afflicted, the opposed and to bring about conversion to hearts. May all of us and our home be filled with Peace, Joy and abundance of Mercy.

## 3. Note of gratitude:

### Year of St Joseph conclusion

Sincere thanks to all who worked hard for the beautiful arrangements made during Holy Qurbana, Procession and Oottunercha.

### Vault cemetery Blessing

It was a dream to construct the Vault cemetery at our premises. Within a short span of time all parishioners worked hard, contributed generously and prayed earnestly during the last 5 months.

Deep sense of gratitude to all specially the trustees, construction committee members and all our well wishers.

**ഒരിക്കൽ കൂടി ക്രിസ്തുമസ് ആശംസകൾ!**

**സസ്നേഹം**

**സിറിയക് മഠത്തിലച്ചൻ സി. എം. ഐ.**

**നിബിൻ അരീക്കത്താഴെ അച്ചൻ സി. എം. ഐ.**
8589836838

**റിജോ കളത്തിലച്ചൻ സി. എം. ഐ.**
6360169241



# ഇടവക വാർത്തകൾ

## ജപമാല ആഘോഷം

ഒക്ടോബർ മാസത്തിലെ ജപമാല വണക്കം 1–ാം തിയതി വെള്ളിയാഴ്ച മുതൽ 10–ാം തിയതി ഞായറാഴ്ചവരെ ഇടവകദേവാലയത്തിൽ ആഘോഷമായി നടത്തി. വൈകുന്നേരം 6 മണിയുടെ വിശുദ്ധ കുർബാനയ്ക്കുശേഷം നടത്തിയ ജപമാലയ്ക്ക് ബഹു. സിസ്റ്റേഴ്സും വിവിധ വാർഡംഗങ്ങളും നേതൃത്വം നൽകി. വാർഡുകളിലെ പ്രാർത്ഥനാ കൂട്ടായ്മയും 10 ദിവസത്തെ ജപമാല വണക്കവും 11 മുതൽ 30 വരെയുള്ള തീയതികളിൽ പാരീഷ് ഹാളിലും ഓൺലൈനിലുമായി വാർഡ് കൗൺസിലേഴ്സ് മുൻകൈ എടുത്ത് ബഹുമാനപ്പെട്ട അച്ചൻമാരുടെയും ബ്രദേഴ്സിന്റെയും സിസ്റ്റേഴ്സിന്റെയും സഹകരണത്തോടെ നടത്തി. ജപമാലമാസത്തിന്റെ സമാപനദിവസമായ ഒക്ടോബർ 31–ാം തിയതി ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് ഇടവകദേവാലയത്തിൽ ആഘോഷമായ ജപമാല സമാപനവും വാഴ്വും വിശുദ്ധ കുർബാനയും ഉണ്ടായിരുന്നു.



## മിഷൻ സൺഡേ

ഒക്ടോബർ 24–ാം തിയതി ഞായറാഴ്ച ഇടവകയിൽ മിഷൻ സൺഡേ ആചരിച്ചു. അന്നത്തെ സ്തോത്രകാഴ്ചകൾ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കുള്ള സഹായമായി നൽകി. വിശുദ്ധ കുർബാനയ്ക്കുശേഷം നടത്തിയ ലേലത്തിൽ ഇടവകജനങ്ങൾ ആവേശപൂർവ്വം പങ്കുകൊണ്ടു. സെന്റ് തോമസ് യൂത്തും മാതൃവേദിയും ഭക്ഷണസ്റ്റാളുകൾ ഒരുക്കുകയും മിഷനുവേണ്ടി സംഭാവന സ്വരൂപിക്കുകയും ചെയ്തു. വേദപാഠ വിദ്യാർത്ഥികൾ 31–ാം തിയതി ഞായറാഴ്ച മിഷൻ സൺഡേ ആചരിച്ചു.



## മരിച്ചവരുടെ ഓർമ്മ ദിനം

നവംബർ 2–ാം തിയതി ഇടവകയിൽ നിന്നും മരണമടഞ്ഞുപോയ പ്രിയപ്പെട്ടവരുടെ ഓർമ്മദിനമായി ആചരിച്ചു. അന്നേ ദിവസം മരിച്ചവർക്കുവേണ്ടി പ്രത്യേകം വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് ദേവാലയത്തിലും സെമിത്തേരിയിൽ കല്ലറകളിലും ഒപ്പീസ് നടത്തി പ്രാർത്ഥിക്കുകയും ചെയ്തു.

## ഫൊറോനാ വൈദിക സമ്മേളനം

സെന്റ് തോമസ് ഫൊറോനയിലെ വിവിധ ഇടവകകളിലും ദിവ്യകാരുണ്യകേന്ദ്രങ്ങളിലും ശുശ്രൂഷ ചെയ്യുന്ന വികാരിമാരുടെയും അസി. വികാരിമാരുടെയും കോൺഫ്രൻസ് നവംബർ 4–ാം തിയതി സെന്റ് തോമസ് ഫൊറോനാ പള്ളിയിൽ വച്ച് നടത്തി. മാസധ്യാനം, കുമ്പസാരം, ചർച്ച എന്നിവയ്ക്കുശേഷം സ്നേഹവിരുന്നോടുകൂടി സമ്മേളനം സമാപിച്ചു.



## സെന്റ് തോമസ് യൂത്ത്, ഓവറോൾ ചാമ്പ്യൻസ്

സെന്റ് തോമസ് യൂത്തിന്റെ ജനറൽബോഡി മീറ്റിംഗ് നവംബർ 7–ാം തിയതി നടത്തി. ചാവറ യൂത്ത് സംഘടിപ്പിച്ച കാർലോ ഗ്ലോബൽ യൂത്ത് ഫെസ്റ്റിൽ 298 പോയിന്റോടെ സെന്റ് തോമസ് യൂത്ത് ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.



സെന്റ് തോമസ് യൂത്ത് അംഗങ്ങൾ ഡിസംബർ 12–ാം തിയതി കെങ്കേരി ഫാം സന്ദർശിക്കുകയും വിവിധ പ്രോഗ്രാമുകളോടെ ക്രിസ്തുമസ് ആഘോഷിക്കുകയും ചെയ്തു. പുതിയതായി നിർമ്മിച്ച ജോനാസ് പാർക്കിനായി വൃക്ഷതൈ കൈമാറുകയും ചെയ്തു. ഇടവകയിലെ 60–ഓളം യുവജനങ്ങൾ ഇതിൽ പങ്കെടുത്തു.



# St. Thomas Forane Church Vault Cemetery - A long cherished dream come true for St Thomas Forane parishioners!!



## നമ്മുടെ വോൾട്ട് സിമിത്തേരി

Covid 19 രണ്ടാം തരംഗം ബാംഗ്ലൂർ നിവാസികളെ ഏറെ ക്ലേശങ്ങളിലേയ്ക്ക് ആഴ്ത്തി. ഇന്നും അതിന്റെ ക്ലേശങ്ങൾ അനുഭവിക്കുന്നവരാണ് നമ്മൾ. ഈയവസരത്തിലാണ് ബാംഗ്ലൂർ പട്ടണത്തിലെ കത്തോലിക്കാ മൃതസംസ്കാര ശുശ്രൂഷകൾ നടത്തിവന്നിരുന്ന 17 സിമിത്തേരികളിൽസ്ഥലപരിമിതിയുണ്ടെന്നുംആയതിനാൽ മറ്റു മാർഗ്ഗങ്ങൾ കണ്ടുപിടിക്കണമെന്നും അറിയിച്ചുകൊണ്ടുള്ള ബാംഗ്ലൂർ ആർച്ച്ബിഷപ്പിന്റെ കത്ത് 2021 ഏപ്രിൽ 17 ന് നമുക്ക് ലഭിക്കുന്നത്.

വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് 2021 ജൂൺ 20ന് പാരീഷ് കൗൺസിൽ കൂടുകയും നമ്മുടെ പാർക്കിങ് ഏരിയായിൽ വോൾട്ട് സിമിത്തേരി പണിയുന്നതിനും ബി.ബി.എം.പി. അനുവാദത്തിനും മറ്റ് അനുബന്ധകാര്യങ്ങൾക്കുമായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി. (ബിജു ജോർജ്ജ്, കൺവീനർ; ഡെന്നി എം. ചാക്കോ, ട്രസ്റ്റി–ഇൻ–ചാർജ്; വിജീഷ് ലാസർ, അഡ്വ.ജോർജ്ജ് ജോസഫ്, കെ.എ.ഡേവീസ് കമ്മിറ്റി അംഗങ്ങൾ).

ജൂലൈ 25 ന് കൂടിയ പാരീഷ് കൗൺസിലിൽ ബി.ബി.എം.പി. യുടെ അനുവാദം ലഭിച്ചതിനെതുടർന്ന് ഒരു നിരയിൽ 16 വീതം 5 നിലകളിലുള്ള (16 X 5 = 80) Vault ഉം Niche യും (Small cellar to keep the cremated ashes) പണിയുവാൻ തീരുമാനിക്കുകയും ആവശ്യമായ പണം ഇടവകാംഗങ്ങളിൽനിന്ന് സ്വരൂപിക്കുവാനും തീരുമാനിച്ചു. ആഗസ്റ്റ് 8 ന് കല്ലിട്ട് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു. നിരവധി ദേവാലയങ്ങളും വോൾട്ട് സിമിത്തേരിയും നിർമ്മിച്ച് പരിചയസമ്പന്നനായ ആർക്കിടെക്റ്റ് ശ്രീ. ഷൈൻ ജോസഫിനെ (ആലപ്പുഴ) ഉത്തരവാദിത്വം ഏൽപിച്ച് പണികൾ പൂർത്തിയായി ഡിസംബർ 19 ന് ബഹുമാനപ്പെട്ട പോൾ അച്ചാണ്ടി അച്ചൻ ആശീർവ്വാദകർമ്മം നിർവ്വഹിക്കുകയും ചെയ്തു. നമ്മുടെ കുടുംബാംഗങ്ങളെയും, ട്രസ്റ്റിമാരെയും, നിർമ്മാണ കമ്മിറ്റിയെയും, പാരീഷ് കൗൺസിൽ അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

വോൾട്ട് സിമിത്തേരിയുടെ ഉപയോഗവുമായി ബന്ധപ്പെട്ട് പാരീഷ് കൗൺസിൽ അംഗീകരിച്ച നിബന്ധനകൾ ഉടനെ തന്നെ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതാണ്.

## Our Vault Cemetery

On 17th April 2021, the Archbishop of Bangalore informed us that the SH and St Patrick Cemeteries can no longer be used for burial rites due to the scarcity of space.

The Parish Council which met on 20/06/2021 discussed the matter seriously and nominated a committee (Biju George, Convener; Denny M. Chacko, Trustee-in-charge; Vijeesh Lazar, Adv. George Joseph, K.A. Davis, Committee members) and decided to construct Vault Cemetery in our parking area.

The Committee proposed to construct a multi-tier Vault comprising of 5 rows, each row with 16 vaults (16x5=80). After obtaining BBMP permission, foundation stone was laid on 8th August 2021. Mr. Shine Joseph from Alapuzha, who is a well experienced architect in constructing churches and cemeteries gave the plan, estimate and all support and guidance. The construction completed in a short span of time and Rev. Fr Paul Achandy CMI, Rector, Dharmaram College Blessed the cemetery on 19/12/2021 in the presence of huge number of parishioners, Rev. Fathers, Sisters and Catechism Children. Sincere thanks to Trustees, Construction Committee members, Parish Council Members and to all our Parishioners.















## സൗജന്യ മെഡിക്കൽ ക്യാമ്പ്

സുവർണ്ണ കർണ്ണാടകയും പിതൃവേദിയും സംയുക്തമായി നവംബർ 21–ാം തിയതി ഞായറാഴ്ച സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തുകയുണ്ടായി.

## സാന്തോം കാറ്റക്കിസം

6–ാം ക്ലാസ്സു മുതൽ 12–ാം ക്ലാസ്സു വരെയുള്ള കുട്ടികൾക്ക് നവംബർ 28–ാം തിയതി ഓഫ്ലൈൻ മതബോധനക്ലാസ്സുകൾ പുനരാരംഭിച്ചു. നീണ്ട ഇടവേളയ്ക്കുശേഷം കുട്ടികൾ ഏറെ താത്പര്യത്തോടെ ക്ലാസ്സുകളിൽ എത്തുന്നുണ്ട്.



സാന്തോം കാറ്റക്കിസം യൂണിറ്റിൽ വിശ്വാസ പരിശീലനം പൂർത്തിയാക്കി മൈനർ സെമിനാരിയിൽ ചേർന്ന നാല് വൈദിക വിദ്യാർത്ഥികൾ (Cyril Thomas, Stefan P F, Nirmal Antony, Abhijith George) ഡിസംബർ 8 ന് തങ്ങളുടെ പ്രഥമ സന്യാസ വ്രതവാഗ്ദാനം നടത്തി. അവർക്ക് ഇടവകയുടെ പ്രാർത്ഥനാശംസകൾ!



**Abhijith George**
Year of joining: 2019
Congregation: CMI
Province: Kozhikode
At Present: Novitiate, Kozhikode



**Cyril Thomas**
Year of joining: 2019
Congregation: CMI
Province: Thiruvananthapuram
At Present: Novitiate, Punalur



**Nirmal Antony Kelamparambil**
Year of joining: 2017
Congregation: CMI
Province: Mysore
At Present: Novitiate, Kozhikode



**Stefan P. F.**
Year of joining: 2019
Congregation: CMI
Province: Bijnor
At Present: Novitiate, Karukutty (Angamaly)

## സമരിറ്റൻ മിനിസ്ട്രി

വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ച്, വീടുകളിൽ കിടപ്പുരോഗികളായവർക്ക് കാരുണ്യ ഹസ്തമായി മണ്ഡ്യ രൂപതയുടെ സമരിറ്റൻ മിനിസ്ട്രി ആരംഭിച്ച 'Mercy on Wheels' എന്ന പദ്ധതി സെന്റ് തോമസ് ഫൊറോനാ പള്ളിയിൽ വച്ച് നവംബർ 11–ാം തിയതി ഉദ്ഘാടനം ചെയ്തു. ബിഷപ്പ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് അനുഗ്രഹ പ്രഭാഷണം നടത്തി. രൂപതാ പിതൃവേദി ഡയറക്ടർ ഫാ. സിറിയക് മഠത്തിൽ ഫ്ളാഗ് ഓഫ് ചെയ്തു. മോൺ. തോമസ് തെന്നാട്ടിൽ, ഫാ. ജോമോൻ കോലഞ്ചേരി, ഫാ. സജി പരിയപ്പനാൽ, സിസ്റ്റർ ജോത്സ്ന എസ്.ഡി., ഡോ. മാത്യു മാമ്പ്ര എന്നിവർ സന്നിഹിതരായിരുന്നു.




## പുതിയ കുർബാന ക്രമം

സീറോ മലബാർ സഭയുടെ നവീകരിച്ച കുർബാന ക്രമം ഇടവക ദേവാലയത്തിൽ നടപ്പിലാക്കുന്നതിന് ഒരുക്കമായി അൾത്താര ശുശ്രൂഷികൾക്കും, ഗായകസംഘങ്ങൾക്കും 22–ാം തിയതി പ്രത്യേക പരിശീലനം കൊടുത്തു. നവംബർ 28 മുതൽ നവീകരിച്ച വിശുദ്ധ കുർബാന ഇടവകയിൽ നടപ്പിൽ വരുത്തി.

## വിശുദ്ധ യൗസേപ്പിതാവിന്റെ വർഷസമാപന തിരുനാൾ

വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണ–സമാപനത്തോടനുബന്ധിച്ച് 3 ദിവസത്തെ നൊവേനയും, ഡിസംബർ 5–ാം തിയതി ഞായറാഴ്ച വൈകുന്നേരം ആഘോഷമായ തിരുനാൾ കുർബ്ബാനയും, പ്രദക്ഷിണവും, റൂഫ്ടോപ്പ് ഹാളിൽ വച്ച് സ്നേഹവിരുന്നും ഉണ്ടായിരുന്നു. 800 ഓളം പേർ പങ്കെടുത്തു.



## സെന്റ് ചാവറ അസോസിയേഷൻ

സെന്റ് ചാവറ അസോസിയേഷന്റെ (SCA) ഈ വർഷത്തെ inaugurationനും മീറ്റിങ്ങും ജപമാലയോടുകൂടി ഒക്ടോബർ 30–ാം തിയതി നടത്തുകയുണ്ടായി. മീറ്റിംഗിൽ പഴയ ഭാരവാഹികൾക്ക് നന്ദി പറയുകയും പുതിയ ഭാരവാഹികൾക്ക് ആശംസകൾ അറിയിക്കുകയും ചെയ്തു.



## NEW OFFICE-BEARERS (2021-22)

### St Chavara Association (SCA)

| | | | |
|---|---|---|---|
| President | - | Vijeesh Lazar | 9986159041 |
| Secretary | - | Rinto Varghese | 9886336407 |
| Treasurer | - | George Chacko | 9902827293 |
| Vice President | - | Fini Sunil | 9845888609 |
| Cultural Secretary | - | Carlson Johnson | 9611375402 |

### Pithruvedi

| | | | |
|---|---|---|---|
| President | - | Philip Mathew | 9845054331 |
| Secretary | - | Benny Sebastian | 9448509121 |
| Treasurer | - | Chacko A. C. | 9741039187 |
| Vice President | - | Linto Kurian | 9019112467 |
| Joint Secretary | - | Georgekutty | 9008498505 |

### St Vincent De Paul Society

| | | | |
|---|---|---|---|
| President | - | Rolly Jacob | 9008336999 |
| Secretary | - | Biju George | 9448704833 |
| Treasurer | - | Kuriakose K C | 9945877029 |
| Vice President | - | Tom Abraham | 9880140206 |
| Joint Secretary | - | Sunny | 8123310318 |
| Joint Treasurer | - | Biju P J | 9008306421 |

### St Christopher Association

| | | | |
|---|---|---|---|
| President | - | Joshi Thomas | 9448675366 |
| Secretary | - | A J Dixon | 9448851217 |
| Treasurer | - | A J Jaison | 9242824688 |
| Vice President | - | T O Davis | 9845508108 |
| Joint Secretary | - | V K Lawrence | 7348815898 |

### Mathruvedhi

| | | | |
|---|---|---|---|
| President | - | Lissy Paul | 8951092924 |
| Secretary | - | Alice Jacob | 9036427491 |
| Treasurer | - | Betsi Thomas | 9148261984 |
| Vice President | - | Valsamma Jacob | 7975546262 |
| Joint Secretary | - | Leena Antony | 8050971325 |
| Cultural Secretary1 | - | Leena Tomy | 9035017833 |
| Cultural Secretary2 | - | Jiji Peter | 8073843906 |

## മാതൃവേദി Annual Day

മാതൃവേദി Annual Day യും സെന്റ് ജോസഫ് വർഷ സമാപനവും ക്രിസ്തുമസ് സെലിബ്രേഷനും ഡിസംബർ 11–ാം തിയതി ശനിയാഴ്ച നടത്തി. രാവിലെ 8.30 ന് ആരംഭിച്ച രജിസ്ട്രേഷനെ തുടർന്ന് ദേവാലയത്തിൽ വച്ച് ജപമാലയും, വിശുദ്ധ കുർബാനയും, ഫാ. ജോബി കുഴുപ്പിൽ സി.എം.ഐ. നൽകിയ സന്ദേശവും ഉണ്ടായിരുന്നു. അതിനുശേഷം പാരീഷ് എ.സി. ഹാളിൽ വച്ച് വിവിധ കലാപരിപാടികളും സമ്മാന വിതരണവും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തി.

## കോവിഡ് 19 വാക്സിനേഷൻ ക്യാമ്പ്

ഇടവകയുടെ നേതൃത്വത്തിൽ ബി.ബി.എം.പി. യുമായി സഹകരിച്ച് ഡിസംബർ 18–ാം തിയതി ശനിയാഴ്ച കോവിഡ് 19 വാക്സിനേഷൻ ക്യാമ്പ് നടത്തി.





## Blood Donation Camp

ഡിസംബർ 19–ാം തിയതി 8 മണി മുതൽ 1 മണി വരെ സാന്തോം പ്രൊഫഷണൽ ഫോറം Nimhans teamന്റെ സഹകരണത്തോടെ Blood Donation Camp നടത്തി.



## Vault Cemetery യുടെ ആശീർവ്വാദകർമ്മം

Vault Cemetery യുടെ ആശീർവ്വാദകർമ്മം ഡിസംബർ 19–ാം തിയതി ഞായറാഴ്ച 9 മണിയുടെ വിശുദ്ധ കുർബാനയ്ക്കുശേഷം ധർമ്മാരാം റെക്ടർ റെവ. ഡോ. പോൾ അച്ചാണ്ടി സി.എം.ഐ. നിർവ്വഹിച്ചു. വികാരി ജനറാൾ റവ. ഡോ. മാത്യു കോയിക്കര, രൂപതാ ചാൻസലർ റവ.ഡോ. ജോമോൻ കോലഞ്ചേരി, വികാരി ഫാ. സിറിയക് മഠത്തിൽ, ധർമ്മാരാം അഡ്മിനിസ്ട്രേറ്റർ റവ.ഫാ. മാണി കടപ്പാക്കൽ, ഡി.വി.കെ. അദ്ധ്യക്ഷൻ കുര്യൻ കാച്ചപ്പിള്ളി, മുൻവികാരി റവ.ഫാ. ജോൺ മാരിയൂസ്, ചീഫ് ട്രസ്റ്റി ജോയ് കോട്ടയ്ക്കൽ, നിരവധി വൈദികർ, സന്യസ്തർ, ഇടവകജനങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു. 80 Vault കളും 20 Nitcheയുമാണ് പണികഴിപ്പിച്ചിരിക്കുന്നത്.

## കേക്ക് സ്റ്റാൾ

സെന്റ് ക്രിസ്റ്റഫർ അസോസിയേഷന്റെ നേതൃത്വത്തിൽ ക്രിസ്തുമസിനോടനുബന്ധിച്ച് നടത്തി വരാറുള്ള കേക്ക് സ്റ്റാൾ 19–ാം തിയതിയും, 22–ാം തിയതി മുതൽ 25–ാം തിയതി വരെയും പ്രവർത്തിക്കുന്നതാണ്.

## ലോഗോസ് ക്വിസ്

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ഈ വർഷത്തെ ലോഗോസ് ബൈബിൾ ക്വിസ് ഡിസംബർ 19 –ാം തിയതി എ.സി. ഹാളിൽവച്ച് നടത്തി. അറുപതോളം പേർ പങ്കെടുത്തു.

## വാർഡുകളിലെ ക്രിസ്തുമസ്

വാർഡുകളിലെ ക്രിസ്തുമസ് ആഘോഷം പാരീഷ് ഹാളിൽ നടന്നുവരുന്നു. വാർഡുകളിലെ ക്രിസ്തുമസ് ആഘോഷവും പ്രാർത്ഥനാ കൂട്ടായ്മയും ഇൻ ചാർജ് ഫാദേഴ്സിന്റെയും ബ്രദേഴ്സിന്റെയും സഹായത്തോടെ പാരീഷ് ഹാളിൽ നടത്താവുന്നതാണ്.

## സെന്റ് തോമസ് പാരീഷ് സ്റ്റാഫ് ക്രിസ്തുമസ് ആഘോഷം

ബഹുമാനപ്പെട്ട വികാരിയച്ചന്റെയും, അസിസ്റ്റന്റ് വികാരിയച്ചന്മാരുടെയും ട്രസ്റ്റിമാരുടെയും നേതൃത്വത്തിൽ പാരീഷ് സ്റ്റാഫ് ഡിസംബർ 23–ാം തിയതി ആശംസകൾ നേർന്നും സമ്മാനങ്ങൾ കൈമാറിയും ക്രിസ്തുമസ് ആഘോഷിച്ചു. ബഹുമാനപ്പെട്ട വികാരിയച്ചനും, ചാൻസലർ അച്ചനും, ചീഫ് ട്രസ്റ്റിയും ക്രിസ്തുമസ് സന്ദേശം നൽകി.

## Catechism Christmas Celebrations

We conducted our catechism Christmas celebration on 19th December both in offline classes as well as in online. Santa Claus with band teams sang carols went to each classes from 6th to 12th STD and distributed chocolates to all the students. This was coordinated by our youth team. Different activities like skits, carols, etc., were performed by our blossoming buds with the motivation and support of the teachers in the online classes. The offline sessions too witnessed enthusiastic participation of the students in potluck and carol singing. Post Holy Qurbana, catechism teachers, staff, and youth team gathered and celebrated Christmas along with Fr. Vicar, Fr. Director, Asst Director, Brothers and Sisters by cutting cake, exchange of Secret Santa gifts and concluded with Agape lunch. All the events helped the students and the teachers to get into the Christmas spirit and prepare to welcome child Jesus in our hearts and minds.





## UPCOMING EVENTS

| | |
|---|---|
| Dec 28 Tue | Holy Innocents Day; St John |
| Dec 29 Wed | Feast of Holy Family |
| Dec 31 Fri | 8 pm Thanks giving Adoration, Year ending New year prayer,<br>9 pm Holy Qurbana;<br>3 days devotion to St Chavara |
| **2022 January** | |
| Jan 1 Sat | New Year Prayers,<br>Holy Qurbana 6.15 am, 6.00 pm |
| Jan 3 Mon | St Chavara Feast<br>(150th Death Anniversary)<br>Founders Day - Dharmaram |
| Jan 6 Thu | Epiphany of Jesus *(Danahathirunal)* |
| Jan 9 Sun | First Holy Communion & Chrismation -<br>9 am Holy Qurbana |